## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4801** **26.06.2019 ലെ മറുപടിക്ക്**

**ബഹുനില മന്ദിരങ്ങൾ ഉയർത്തുന്ന സുരക്ഷാഭീഷണി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.പി.കെ.ബഷീർ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | നഗരങ്ങളിലെ പഴക്കംചെന്ന ബഹുനില മന്ദിരങ്ങൾ ഉയർത്തുന്ന സുരക്ഷാഭീഷണി പരിശോധിച്ചിട്ടുണ്ടോ; | (എ) | സുരക്ഷാ ഭീഷണി ഉയർത്തുന്ന പഴക്കം ചെന്ന ബഹുനില മന്ദിരങ്ങൾ കണ്ടെത്തുന്നതിനായി പ്രത്യേക പരിശോധന നടത്തിയിട്ടില്ല. എന്നാൽ ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ നിർമ്മാണങ്ങളും കേരള മുനിസിപ്പാലിറ്റി നിർമ്മാണ ചട്ടങ്ങൾ 2011-ലെ ചട്ടം 158 പ്രകാരം പരിശോധിച്ച് സത്വരനടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | നിശ്ചിതകാലം കഴിഞ്ഞ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്ത ഫ്ലാറ്റുകൾ പൊളിച്ചു നീക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | നിലവിൽ സ്കൂൾ കെട്ടിടങ്ങൾക്കും അംഗനവാടി കെട്ടിടങ്ങൾക്കും ഒഴികെ മറ്റൊരു കെട്ടിടങ്ങൾക്കും നഗരസഭകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാറില്ല. |
| (സി) | ഉണ്ടെങ്കിൽ അത്തരം ബഹുനില മന്ദിരങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ? | (സി) | ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**